**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക ഇൻഫർമേഷൻ കേരള മിഷന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്

സ.ഉ. (സാധാ) നം. 280/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 09.02.2019.

---

പരാമർശം:-1. സ.ഉ.(പി) നം. 51/2018/ധന തീയതി, 28.03.2018.

2. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.04.2018, 27.11.2018 എന്നീ തീയതികളിലെ 1230/അക്കൗണ്ട്സ്/2018/ ഐ.കെ.എം. നമ്പർ കത്തുകൾ

3. സ.ഉ.(സാധാ) നം. 2931/2018/തസ്വഭവ തീയതി, 16.11.2018

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഒന്നാം ഗഡുവായി അനുവദിച്ചിരുന്ന തുകയിൽ ഇൻഫർമേഷൻ കേരള മിഷന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരുപ്പിൽ നിന്നും ₹ 4,53,21,509/- രൂപ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ പിൻവലിച്ചിട്ടുണ്ടെന്നും രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവായ തുക ട്രഷറി ക്യൂ സിസ്റ്റത്തിലായതിനാൽ ലഭ്യമായിട്ടില്ലെന്നും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ അപര്യാപ്തത കാരണം തടസ്സം നേരിടുന്നുണ്ടെന്നും ആയതിനാൽ ഐ . കെ . എം . -ന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച ₹ 4,53,21,509/- രൂപ , 2515-00-800-86-99 (P) എന്ന ശീർഷകത്തിൽ തിരികെ നൽകണമെന്നും പരാമർശം (2)-ലെ 06.04.2018-ലെ കത്തു പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ, 2018-19 സാമ്പത്തിക വർഷം 2515-00-800-86-99 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20,00,00,000/- (20 കോടി രൂപ ) - യിൽ നിന്നും ഐ . കെ . എം - ന്റെ അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 4,53,21,509/- രൂപ അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം (3) പ്രകാരം അനുവദിച്ച 4,53,21,509/- രൂപ ഇൻഫർമേഷൻ കേരള മിഷന്റെ PSTSB A/c No.799012700000127 നമ്പർ അക്കൗണ്ടിൽ വരവ് വയ്ക്കണമെന്നും ടി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തന ഫണ്ട് കൈകാര്യം ചെയ്യുന്ന എസ് . ബി . ഐ . അക്കൗണ്ടിലേയ്ക്ക് (A/c No. 57047023512) മാറ്റി ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും ഐ . കെ . എം . എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2)-ലെ 27.11.2018-ലെ കത്തു പ്രകാരം *അഭ്യർത്ഥിച്ചിരുന്നു.*

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച 4,53,21,509/- രൂപ ഇൻഫർമേഷൻ കേരള മിഷന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ അനുവാദം നല്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി .എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ.എസ്.എ. / ജി.& എസ്.എസ്.എ.), കേരള, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(07.01.2019-ലെ നമ്പർ ഡെവ.2/345/2018-ധന (കമ്പ്യൂട്ടർനമ്പർ.1047186 പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Anjulal

സെക്ഷൻ ഓഫീസർ.

21